# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.180/2024** **തിരുവനന്തപുരം, തീയതി: 11/08/2024**

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2024 ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി. എൻവയോൺമെന്റൽ സയൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ www.slcm.keralauniversity.ac.in മുഖേന 2024 ആഗസ്റ്റ് 22 ന് മുൻപായി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫീസ് slcm ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം വഴി നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.എ. പബ്ലിക് അഡ്മിനിസ്ട്രേഷൻ (റെഗുലർ - 2022 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് /സപ്ലിമെന്ററി - 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2020 & 2019 അഡ്മിഷൻ, മേഴ്സിചാൻസ് – 2018, 2017 അഡ്മിഷൻ) ജനുവരി 2024 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2024 ആഗസ്റ്റ് 19 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രൈവറ്റ് രജിസ്ട്രേഷൻ – അപേക്ഷാ തീയതി നീട്ടി

കേരളസർവകലാശാല 2024 – 2025 അക്കാഡമിക് വർഷത്തിലെ ബി.എ./ബി.കോം./ബി.എ. അഫ്സൽ – ഉൽ – ഉലാമ/ബി.ബി.എ./ബി.കോം. അഡീഷണൽ ഇലക്ടീവ് കോ – ഓപ്പറേഷൻ /ബി.കോം. അഡീഷണൽ ഇലക്ടീവ് ട്രാവൽ & ടൂറിസം എന്നീ കോഴ്സുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേന പിഴ കൂടാതെ അപേക്ഷിക്കാനുള്ള അവസാന തീയതി 2024 ആഗസ്റ്റ് 27 വരെയും പിഴയോടുകൂടി അപേക്ഷിക്കാനുള്ള അവസാന തീയതി 2024 സെപ്റ്റംബർ 7 വരെയും നീട്ടിയിരിക്കുന്നു. അപേക്ഷയും അനുബന്ധ രേഖകളും അവസാന തീയതിക്കുള്ളിൽ കേരള സർവകലാശാല തപാൽ വിഭാഗത്തിൽ എത്തിക്കേണ്ടതാണ്.

വിജ്ഞാപനത്തിന്റെ വിശദവിവരങ്ങൾ (www.de.keralauniversity.ac.in, www.keralauniversity.ac.in ) എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

### ടൈംടേബിൾ

കേരളസർവകലാശാല 2024 ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ എൽ.എൽ.എം. വൈവ – വോസി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല നടത്തുന്ന രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എ., ബി.എസ്സി., ബി.കോം., ബി.ബി.എ., ബി.സി.എ., ബി.പി.എ., ബി.എം.എസ്., ബി.എസ്.ഡബ്ല്യൂ., ബി.വോക്. എന്നീ സി.ബി.സി.എസ്.എസ്. (സി.ആർ.) (റെഗുലർ – 2023 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2019 – 2021 അഡ്മിഷൻ, മേഴ്സിചാൻസ് – 2013 – 2016 & 2018 അഡ്മിഷൻ) ആഗസ്റ്റ് 2024 പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്തെ ഏഴാം സെമസ്റ്റർ (2020 സ്കീം), മെയ് 2024 റെഗുലർ ഇൻഫോർമേഷൻ ടെക്നോളജി ബ്രാഞ്ചിന്റെ പ്രായോഗിക പരീക്ഷ 2024 ആഗസ്റ്റ് 22 ന് ആരംഭിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല നടത്തിയ ഒന്നാം സെമസ്റ്റർ ബി.കോം. (159) സി.ബി.സി.എസ്.എസ്., ജനുവരി 2024 പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി റീവാല്യൂവേഷൻ സെക്ഷനിൽ ഇ.ജെ. – VII (ഏഴ്) 2024 ആഗസ്റ്റ് 13 മുതൽ 17 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## കേരളസർവകലാശാല യൂണിയൻ (2023 – 24) – തെരഞ്ഞെടുപ്പ് വിജ്ഞാപനം പ്രസിദ്ധീകരിച്ചു

കേരളസർവകലാശാല യൂണിയൻ (2023 – 24) ഭാരവാഹികളുടേയും, സെനറ്റ്/സ്റ്റുഡന്റ്സ് കൗൺസിലിലേക്കുള്ള വിദ്യാർത്ഥി പ്രതിനിധികളുടേയും തെരഞ്ഞെടുപ്പ് വിജ്ഞാപനങ്ങൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**